# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

ഫയൽ നം. 1814/ആർ1/2023/കെ.ഡി.ആർ.ബി 21.11.2024

## <u>അറിയിപ്പ്</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ **ട്യൂട്ടർ തകിൽ (കാറ്റഗറി നം 07/2023), ട്യൂട്ടർ നാദസ്വരം (കാറ്റഗറി നം 08/2023), ട്യൂട്ടർ പഞ്ചവാദ്യം (കാറ്റഗറി നം 09/2023) തസ്തികകളിലേക്ക്** സ്വീകാര്യമായ **അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ** പ്രമാണ പരിശോധന **02.12.2024(തിങ്കൾ)** തീയതിയിൽ രാവിലെ 10.30 മണി മുതൽ തിരുവനന്തപുരം ആയുർവേദ കോളേജ് ജംഗ്ഷനിലുള്ള **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ** വെച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട് ടി ഉദ്യോഗാർത്ഥികൾ **02.12.2024** തീയതിയിൽ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും കോപ്പിയും സഹിതം നേരിട്ട് ഹജരാകേണ്ടതാണ്. യാതൊരു കാരണവശാലും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെയോ , പ്രമാണങ്ങൾ ഹാജരാക്കുന്നതിന്റെയോ സമയപരിധി നീട്ടി നൽകുന്നതല്ല . എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇത് സംബന്ധിച്ച് അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ വിലാസത്തിലേക്ക് രജിസ്റ്റേർഡ് കത്ത് മുഖേന നല്കുന്നതാണ്. മേൽ തസ്തികകളിലേക്ക് സ്വീകാര്യമായ **അപേക്ഷ സമർപ്പിച്ച** ഉദ്യോഗാർത്ഥികൾ പ്രസ്തുത ദിവസം രാവിലെ 10.30 മണിക്ക് മുൻപ് **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ** വെരിഫിക്കേഷൻ നടത്തുന്നതിനായി നേരിട്ട് ഹജരാകേണ്ടതാണ്.

**<u>സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്.</u>**

1. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
2. വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ
3. ഉദ്യോഗാർത്ഥികൾ profile ൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം രേഖപ്പെടുത്തിയ തിരിച്ചറിയൽ രേഖ(ആധാർ കാർഡ്, വോട്ടേഴ്സ് ഐ.ഡി.കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് തുടങ്ങിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ചിട്ടുള്ള 16 ഇനങ്ങളിൽ ഒന്ന് ) അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന വിലാസം തെളിയിക്കുന്നതിനുള്ള തിരിച്ചറിയൽ രേഖ കൈവശമില്ലാത്ത പക്ഷം ആയത് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ / ഗസറ്റഡ് ഓഫീസർ നൽകുന്ന ONE AND SAME CERTIFICATE ഹാജരാക്കേണ്ടതാണ്.
4. സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ(Community Certificate) അസ്സലും

സ്വയം സാക്ഷ്യപ്പെടുത്തിയ 2 പകർപ്പം ഹാജരാക്കേണ്ടതാണ്.

5. ജാതി സംവരണത്തിന് അർഹതയുള്ള മറ്റു പിന്നാക്ക ജാതിയിലെ/സമുദായത്തിലെ അംഗമാണെങ്കിൽ 26.09.2009 ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് (NCLC) (FOR EMPLOYMENT UNDER STATE GOVERNMENT).

6. ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നയാളാണെങ്കിൽ (Economically Weaker Sections) 18.11.2019 ലെ GO (P) 79/2019/RD പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന നിയമനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റ്. ( EWS സർട്ടിഫിക്കറ്റിന്റെ മാതൃക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ DOWNLOADS എന്ന സെക്ഷനിൽ FORMS എന്ന ഭാഗത്ത് ലഭ്യമാണ് ).

7. മതം / ജാതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത പത്താം ക്ലാസ് സർട്ടിഫിക്കറ്റുകൾ (ICSE/ CBSE മുതലായവ) ഹാജരാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികൾ വില്ലേജ് ആഫീസറിൽ നിന്നുള്ള മതം/ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്(Caste Certificate) ഹാജരാക്കേണ്ടതാണ്.

8. ട്യൂട്ടർ തകിൽ/ ട്യൂട്ടർ നാദസ്വരം /ട്യൂട്ടർ പഞ്ചവാദ്യം തസ്തികയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ താൽക്കാലികമായി സേവനം ചെയ്തിട്ടുണ്ടെങ്കിൽ ആയതു തെളിയിക്കുന്ന ദേവസ്വം ഡെപ്യൂട്ടി കമ്മീഷ്ണർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള പരിചയ സർട്ടിഫിക്കറ്റ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്